**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1931** **15-03-2022 - ൽ മറുപടിയ്ക്ക്**

**താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | null<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മൃഗസംരക്ഷണ – ക്ഷീരവികസന വകുപ്പിന് കീഴിൽ വർഷങ്ങളായി താൽക്കാലിക അടിസ്ഥാനത്തിലും ദിവസ വേതനാടിസ്ഥാനത്തിലും തുടർച്ചയായി ജോലിചെയ്തുവരുന്ന ജീവനക്കാരെ മാനുഷിക പരിഗണന നൽകി സ്ഥിരപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കാമോ; | (എ) | നിലവിലെ ചട്ടങ്ങൾ അനുസരിച്ചും ഉമാദേവി vs സ്റ്റേറ്റ് ഓഫ് കർണ്ണാടക എന്ന കേസിന്മേലുള്ള ബഹു. സുപ്രീം കോടതിയുടെ 10.04.2006 തീയതിയിലെ വിധിന്യായത്തിന്റെ വെളിച്ചത്തിലും മൃഗസംരക്ഷണ വകുപ്പിന് കീഴിൽ താൽക്കാലിക അടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും തുടർച്ചയായി ജോലി ചെയ്തു വരുന്ന ഫാം തൊഴിലാളികളെ മാനുഷിക പരിഗണന നൽകി സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല. സ.ഉ(പി) 501/2005/ധന തീയതി 25/11/2005, സ.ഉ (പി) 61/2010/ധന തീയതി 9/2/2010 എന്നീ ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി, വിശദമായി പരിശോധിച്ചാണ് കാഷ്വൽ സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നത്. ക്ഷീരവികസന വകുപ്പിന് കീഴിൽ വർഷങ്ങളായി താൽക്കാലിക അടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും തുടർച്ചയായി ജോലിചെയ്തുവരുന്ന ജീവനക്കാർ ആരും തന്നെ ഇല്ല. |
| (ബി) | കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ ഇത്തരത്തിൽ ജോലിചെയ്തുവരുന്ന ജീവനക്കാരുടെ വിവരങ്ങൾ തരംതിരിച്ച് വിശദമാക്കാമോ; | (ബി) | കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിന് കീഴിൽ ഫാമുകൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. ആയതിനാൽ ഇത്തരത്തിൽ ജോലി ചെയ്യുന്ന ഫാം തൊഴിലാളികൾ ആരും ഇല്ല. എന്നാൽ ടി മണ്ഡലത്തിൽ വെറ്ററിനറി സബ് സെന്ററു കളിൽ ജോലി ചെയ്തു വരുന്ന കാഷ്വൽ സ്വീപ്പർമാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. 1. ശ്രീമതി. പുഷ്പവല്ലി, വെറ്ററിനറി സബ് സെന്റർ, ആമ്പിലോട്, 2005 ന് മുന്നേ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വരുന്നു. 2. ശ്രീമതി. ഷീബ.സി.സി, വെറ്ററിനറി സബ് സെന്റർ, മൂരിയാട്, 2008 മുതൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വരുന്നു. 3.ശ്രീ. അനീഷ് കല്ലി, വെറ്ററിനറി സബ് സെന്റർ, പത്തായക്കുന്ന്, 2005 ന് മുന്നേ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വരുന്നു. 4.ശ്രീ. |

| | | | |
|---|---|---|---|
| | | | പത്മഗിരിശൻ, സബ് സെന്റർ, പടന്നക്കര, 2005 ന് മുന്നേ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വരുന്നു. 5.ശ്രീ. ബിനോജ്. ടി.വി, വെറ്ററിനറി സബ് സെന്റർ, കോട്ടയം മലബാർ, 2005 ന് മുന്നേ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വരുന്നു. 6. ശ്രീമതി. ശാരദ, വെറ്ററിനറി സബ് സെന്റർ ചെണ്ടയാട്, 2005 ന് മുന്നേ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വരുന്നു. 7. ശ്രീ. അശോകൻ.എ, വെറ്ററിനറി സബ് സെന്റർ, കുന്നോത്ത് പറമ്പ്, 2005 ന് മുന്നേ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വരുന്നു. 8. ശ്രീ.രാജൻ.ടി.കെ, വെറ്ററിനറി സബ് സെന്റർ, കൊലവല്ലൂർ, 2005 ന് മുന്നേ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വരുന്നു. 9.ശ്രീമതി.കൃഷ്ണകുമാരി.കെ.പി, വെറ്ററിനറി സബ് സെന്റർ കൂരാര, 2005 ന് മുന്നേ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തുവരുന്നു. കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ ക്ഷീരവികസന വകുപ്പിന് കീഴിൽ വർഷങ്ങളായി താൽക്കാലികാടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും തുടർച്ചയായി ജോലി ചെയ്തുവരുന്ന ജീവനക്കാർ ആരും തന്നെ ഇല്ല. |
| (സി) | ഇതുമായി ബന്ധപ്പെട്ട് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ? | (സി) | മേൽ സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ട പാർട്ട് ടൈം സ്വീപ്പർ തസ്തികയോ സ്വീപ്പിങ്ങ് ഏര്യ 100 ചതുരശ്ര മീറ്ററോ ഇല്ല. ആയതിനാൽ സ.ഉ(പി) 501/2005/ധന തീയതി 25/11/2005, സ.ഉ (പി) 61/2010/ധന തീയതി 9/2/2010 എന്നീ ഉത്തരവുകൾ പ്രകാരം ടി കാഷ്വൽ സ്വീപ്പർമാർക്ക് സ്ഥിരനിയമനം നൽകുവാൻ നിർവാഹമില്ല. ക്ഷീരവികസന വകുപ്പിന് കീഴിൽ താൽക്കാലികാടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും തുടർച്ചയായി ജോലി ചെയ്തുവരുന്ന ജീവനക്കാർ ആരുംതന്നെ ഇല്ലാത്തതിനാൽ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ